**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2925** **12-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യ സമ്പത്ത് വര്‍ദ്ധന സംബന്ധിച്ച ശാസ്ത്രീയ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്‌തീൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ട്രോളിംഗ് നിരോധന സമയത്ത് മത്സ്യ സമ്പത്ത് ഫലപ്രദമായി വര്‍ദ്ധിക്കുന്നുണ്ടോ എന്ന് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (എ) | കേന്ദ്ര സർക്കാർ സ്ഥാപനമായ സി.എം.എഫ്.ആർ.ഐ (CMFRI) ആണ് ഇതുമായി ബന്ധപ്പെട്ട് ശാസ്ത്രീയ പഠനങ്ങൾ നടത്തുന്നത്. ഐ.സി.എ.ആർ-സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ICAR-CMFRI) കടൽ മത്സ്യബന്ധനത്തെ പതിവായി നിരീക്ഷിക്കുകയും സ്റ്റോക്ക് സ്റ്റാറ്റസിനായി ഡാറ്റ വിശകലനം ചെയ്യുകയും ചെയ്തുവരുന്നുണ്ട്. ലാൻഡിംഗ് വർധിക്കുന്നില്ലെങ്കിലും, കനത്ത മത്സ്യബന്ധന സമ്മർദ്ദങ്ങൾക്കിടയിലും നമ്മുടെ മത്സ്യവിഭവശേഷി സമൃദ്ധവും സുസ്ഥിരവുമാണ് എന്ന് ഫലങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ഇത് പ്രധാനമായും മത്സ്യബന്ധന നിയമങ്ങളും, ചട്ടങ്ങളും, പാലിക്കുന്നതും പ്രത്യേകിച്ച് തീരപ്രദേശത്ത് നടപ്പിലാക്കുന്ന സീസണൽ മത്സ്യബന്ധന നിരോധനവും (Trawl Ban) മൂലമാണ് എന്ന് CMFRI വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ